# കേരള സർക്കാർ

## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്

### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്

**2020 ജനുവരി 16 വ്യാഴം**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**

**videos: http://www.clipmail.kerala.gov.in**

**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

### പരിഗണന കേന്ദ്രാനുമതി കിട്ടി ഫോറം 2 സമർപ്പിക്കാത്തവർക്ക്

## വനഭൂമി പട്ടയം: ജില്ലാ ഭരണകൂടവുമായി സഹകരിക്കണം : കളക്ടർ

വനഭൂമി പട്ടയകാര്യത്തിൽ കേന്ദ്രാനുമതി ലഭിച്ചിട്ടും പതിവ് പട്ടികയിൽ ഉൾപ്പെട്ടിട്ടും ഫോറം 2 സമർപ്പിക്കാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയാത്ത കേസുകളിലെ കക്ഷികൾക്ക് മാത്രമായാണ് പഞ്ചായത്തുകളുടെ സഹകരണത്തോടെ വില്ലേജ്തല ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുള്ളതെന്ന് ജില്ലാ കളക്ടർ എസ് ഷാനവവാസ് അറിയിച്ചു. വനഭൂമിപട്ടയം വിതരണം ചെയ്യാൻ ജില്ലാ ഭരണകൂടം നടത്തുന്ന നടപടികളുമായി സഹകരിക്കണം. മറിച്ച് പ്രചരിക്കുന്ന വാർത്തകളും പ്രചാരണങ്ങളും തെറ്റിദ്ധാരണ പരത്താനാണെന്നും അദ്ദേഹം പറഞ്ഞു. ക്യാമ്പുകളിൽ രേഖകൾ ഹാജരാക്കേണ്ടവരുടെ പട്ടികയും മറ്റ് വിവരങ്ങങ്ങളും അതത് വില്ലേജ്, താലൂക്ക് ഓഫീസുകളിൽ ലഭ്യമാണ്. ഈ പട്ടികയിലുൾപ്പെട്ടവരുടെ മാത്രം ഫോറം 2, അനുബന്ധരേഖകൾ എന്നിവയാണ് ക്യാമ്പുകളിൽ സ്വീകരിക്കുക. മറ്റുള്ളവരുടെ അപേക്ഷകൾ ക്യാമ്പിൽ സ്വീകരിക്കുന്നതല്ല. ഫോറം 2, ഭൂമി കൈമാറ്റ കരാറുകൾ, ലാൻഡ്മാർക്ക്, 100 രൂപയുടെ മുദ്രപത്രത്തിൽ സമർപ്പിക്കുന്ന സത്യവാങ് മൂലം, വോട്ടേഴ്സ് ഐഡി കാർഡ്, ആധാർ കാർഡ്, റേഷൻ കാർഡ്, സംയുക്ത പരിശോധന റിപ്പോർട്ട് എന്നിവയാണ് പട്ടികയിലുൾപ്പെട്ടവർ എന്നിവയാണ് ഹാജരാക്കേണ്ടത്.

വാസ്തവിരുദ്ധമായ വിവരങ്ങൾ പ്രചരിപ്പിച്ച് ക്യാമ്പുകളിൽ സംഘർഷമുണ്ടാക്കുന്നതിൽ നിന്നും എല്ലാവരും മാറിനിൽക്കണമെന്നും ജില്ലാ കളക്ടർ അഭ്യർത്ഥിച്ചു.

## അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്
## ലൈഫ് മിഷൻ കുടുംബ സംഗമം 18 ന്

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിലെ ഗ്രാമ പഞ്ചായത്തുകളിൽ ലൈഫ് മിഷൻ ഭവന നിർമ്മാണം പൂർത്തികരിച്ച ഗുണഭോക്താക്കളുടെ കുടുംബ സംഗമവും ക്ഷേമപദ്ധതികൾക്കായുള്ള അദാലത്തും ജനുവരി 18 ന്. പെരിങ്ങോട്ടുകര ഹയർസെക്കന്ററി സ്കൂളിൽ രാവിലെ 9.30ന് നടക്കുന്ന കുടുംബ സംഗമം മുരളി പെരുനെല്ലി എം.എൽ.എ ഉദ്ഘാടനം ചെയ്യും. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.സി.ശ്രീദേവി അധ്യക്ഷയാകും. ക്ഷേമ പദ്ധതി അദാലത്ത് ഗീതാ ഗോപി എം.എൽ.എ ഉദ്ഘാടനം ചെയ്യും.

അന്തിക്കാട്, അരിമ്പൂർ, മണലൂർ, മണലൂർ, താന്ന്യം, ചാഴൂർ പഞ്ചായത്തുകളിലെ ഗുണഭോക്താക്കൾ അദാലത്തിൽ പങ്കെടുക്കും. അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള അഞ്ച് ഗ്രാമപഞ്ചായത്തുകളിലായി ലൈഫ്മിഷൻ ഒന്ന് രണ്ട് ഘട്ടങ്ങളിലും പിഎംഎവൈ (ജി) പദ്ധതിയിലുമായി 426 കുടുംബങ്ങളുടെ ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന

സർക്കാരുകളുടെ വിവിധ ക്ഷേമപദ്ധതികളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി 18 വകുപ്പുകളുടെ അദാലത്തിന് സംഗമത്തിൽ ഒരുക്കിയത്.

അരിമ്പൂർ പഞ്ചായത്ത് പ്രസിഡന്റ് സുജാത മോഹൻ ദാസ്, താന്ന്യം പഞ്ചായത്ത് പ്രസിഡന്റ് പി.എസ്. രാധാകൃഷ്ണൻ, അന്തിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.വി. ശ്രീവത്സൻ, ചാഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജ്യോതിക നാഗരാജ്, മണലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.ജി ശശി എന്നിവർ പങ്കെടുക്കും.

# അണ്ടത്തോട് പിഎച്ച്സി കുടുംബാരോഗ്യകേന്ദ്രമാക്കുന്നു

പുന്നയൂർക്കുളത്തെ തീരദേശ ജനതയുടെ വികസന സ്വപ്നങ്ങൾ നിറവേറ്റാൻ അണ്ടത്തോട് പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തുന്നു. ഇതിന്റെ നിർമ്മാണോദ്ഘാടനം പാലിയേറ്റീവ് കെയർ ദിനത്തിൽ കെ വി അബ്ദുൾ ഖാദർ എംഎൽഎ നിർവഹിച്ചു. പുന്നയൂർക്കുളം പഞ്ചായത്ത് പ്രസിഡന്റ് എ.ഡി ധനീപ് അധ്യക്ഷത വഹിച്ചു. ആർദ്രം പദ്ധതി, നാഷ്ണൽ അർബൺ മിഷൻ പദ്ധതി തുടങ്ങി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി രണ്ട് കോടിയുടെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ മികച്ച നിലവാരത്തിൽ കൂടുതൽ സൗകര്യങ്ങളോടെ സാധാരണക്കാർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് അണ്ടത്തോട് പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ കുടുബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നത്. കോസ്റ്റ് ഫോർഡിനാണ് നിർമ്മാണ ചുമതല.

പ്രവർത്തനങ്ങൾക്ക് വേഗത വർദ്ധിപ്പിക്കാൻ കരാർ അടിസ്ഥാനത്തിൽ ഒരു ഡോക്ടറുടെ അധിക സേവനം പഞ്ചായത്ത് ഒരു വർഷം മുമ്പ് ആരംഭിച്ചിട്ടുണ്ട്. ആധുനിക സൗകര്യങ്ങളോടെ പുതിയ ലാബ് സജ്ജമാക്കുകയും ലാബ് ടെക്നിഷ്യനെ നിയമിക്കുകയും ചെയ്തു. ഈ പ്രവർത്തങ്ങൾക്ക് മാത്രമായി 60000 രൂപ ഓരോ മാസത്തിലും പഞ്ചായത്ത് ചെലവഴിച്ചു വരുന്നു. സർക്കാർ നൽകുന്ന മരുന്നുകൾക്ക് പുറമെ അധികം വേണ്ടി വരുന്ന മരുന്നുകൾ പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ജനങ്ങൾക്ക് വാങ്ങി നൽകുന്നു. നാല് ലക്ഷം ഇതിനായി ഈ വർഷം ചെലവഴിച്ചു കഴിഞ്ഞു. ഫാർമസിയുടെ സൗകര്യം വർധിപ്പിച്ച് എയർ കണ്ടീഷൻ ചെയ്യുകയും ടോക്കൺ സിസ്റ്റം നടപ്പിലാക്കുകയും ചെയ്തു. മാലിന്യപ്രശ്നങ്ങൾ പരിഹരിക്കാർ ഇൻസിനറേറ്റർ സ്ഥാപിച്ചു. സ്വാന്തന പരിചരണത്തിനായി പുതിയ ആബുലൻസ് വാങ്ങി നൽകി. ഡയാലിസിസ് രോഗികൾക്ക് വിവിധ തരം മരുന്നുകൾ നൽകുന്നതോടൊപ്പം ഡയലേസർ എല്ലാ മാസവും വിതരണം ചെയ്തു വരുന്നു. ഇതിലേക്ക് ഒൻപത് ലക്ഷം വർഷത്തിൽ ചെലവഴിക്കുന്നുണ്ട്.

പുതിയ കെട്ടിടം വരുന്നതോടെ പാലിയേറ്റീവ് വിഭാഗം, സെക്കന്ററി പാലിയേറ്റീവ്, ആധുനിക ലാബ്, ഇമ്മ്യൂണൈസേഷൻ, കഫ്റ്റീരിയ, കോർട്ടേഴ്സ്, വയോജന വിശ്രമകേന്ദ്രം, പൂന്തോട്ടം, കുട്ടികളുടെ പാർക്ക്, പൊതുജന ആരോഗ്യ വിഭാഗം, മരുന്നുകൾ സൂക്ഷിക്കാനും വിതരണം ചെയ്യുവാനുമുള്ള ആധുനിക സൗകര്യങ്ങൾ, റിസപ്ഷൻ, ആധുനിക കാത്തിരിപ്പ് കേന്ദ്രം, എന്നീ സൗകര്യങ്ങൾ കൂടി ലഭ്യമാകും. നിർമ്മാണം പൂർത്തിയാകുന്നതോടെ പകൽ സമയം മുഴുവനും ചികിത്സ ലഭിക്കുന്ന ആധുനിക കുടുംബാരോഗ്യ കേന്ദ്രമായി അണ്ടത്തോട് മാറും. ഒക്ടോബർ മാസത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കും. ജില്ലാ പഞ്ചായത്തംഗം ടി. എ. ആയിഷ, ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ ആലത്തയിൽ മൂസ, വി. സുബൈദ, കോസ്റ്റ് ഫോർഡ് പ്രോജക്ട് ഡയറക്ടർ സ്കന്ദൻ, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം ഓഫിസർ ടി. വി. സതീശൻ, ആർദ്രം നോഡൽ ഓഫീസർ ഡോ. എം. എസ്. റാണ, മെഡിക്കൽ ഓഫിസർ എൻ. ബി. അരുൺ ബാബു എന്നിവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ് : അണ്ടത്തോട് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണോൽഘാടനം കെ. വി. അബ്ദുൽഖാദർ എംഎൽഎ നിർവഹിക്കുന്നു***

# ഹൈടെക് ക്ലാസ് മുറികൾക്ക് ഫർണിച്ചർ വിതരണം: ജില്ലാതല ഉദ്ഘാടനം നടന്നു

ജില്ലാ പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി ഹൈടെക് ക്ലാസ് മുറികൾക്കുള്ള ഫർണിച്ചർ വിതരണം ആരംഭിച്ചു. ജില്ലാതല ഉദ്ഘാടനം കരൂപ്പടന്ന ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ വി ആർ സുനിൽ കുമാർ എംഎൽഎ നിർവഹിച്ചു. ഒരു കോടി

രൂപയാണ് ഈ പദ്ധതിക്കായി ജില്ലാപഞ്ചായത്ത് വകയിരുത്തിയിട്ടുള്ളത്. ആദ്യഘട്ടത്തിൽ ഒൻപത് സ്കൂളുകൾക്കാണ് ഫർണിച്ചർ വിതരണം നടത്തുക.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ കെ ഉദയ് പ്രകാശ് അധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷ മഞ്ജുള അരുണൻ മുഖ്യാതിഥിയായി. ഡി ഇ ഒ. എം.ആർ ജയശ്രീ, എ ഇ ഒ, എം.വി ദിനകരൻ, എം.ജയലക്ഷ്മി, ടി.വി മനോജ് കുമാർ, കാതറിൻ പോൾ തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ് : തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി ഹൈടെക് ക്ലാസ് മുറികൾക്കുള്ള ഫർണിച്ചർ വിതരണം വി ആർ സുനിൽ കുമാർ എംഎൽഎ നിർവഹിക്കുന്നു***

# അപ്പലേറ്റ് ട്രിബ്യൂണൽ 24 ന്

യൂണിവേഴ്സിറ്റി ആൻഡ് ഫുഡ്സേഫ്റ്റി അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഔദ്യോഗിക ക്യാമ്പ് ജനുവരി 24 തൃശ്ശൂർ പിഡബ്ല്യുഡി റസ്റ്റ് ഹൗസിൽ നടക്കും. ഈ ദിവസങ്ങളിലേക്ക് നിശ്ചയിച്ച കേസുകളുടെ വാദം കേൾക്കുന്നതോടൊപ്പം കാസർകോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, പാലക്കാട്, മലപ്പുറം, തൃശ്ശൂർ, ഇടുക്കി, എറണാകുളം ജില്ലകളിലെ ഫുഡ്സേഫ്റ്റി ആക്ട് 2006ന്റെ പരിധിയിൽ വരുന്ന കേസുകളും, യൂണിവേഴ്സിറ്റി കേസുകളും അപ്പീൽ ചട്ടങ്ങൾക്കനുസൃതമായി ഫയലിൽ സ്വീകരിക്കും.

# ചാവക്കാട് താലൂക്കാശുപത്രിയിലെ ജല ശുദ്ധീകരണ പ്ലാന്റ് നാട്ടുകാർക്ക് സമർപ്പിച്ചു

ശുദ്ധജല ദൗർലഭ്യം നേരിട്ടിരുന്ന ചാവക്കാട് താലൂക്കാശുപത്രിക്ക് ശാശ്വത പരിഹാരമായി ജല ശുദ്ധീകരണ പ്ലാന്റ്. ചാവക്കാട് താലൂക്കാശുപത്രിയിൽ നിർമ്മാണം പൂർത്തിയാക്കിയ ജല ശുദ്ധീകരണ പ്ലാന്റിന്റെ ഉദ്ഘാടനം കെ. വി അബ്ദുൾ ഖാദർ എംഎൽഎ നിർവ്വഹിച്ചു. എംഎൽഎയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 4.5 ലക്ഷം ചിലവഴിച്ചാണ് പ്ലാന്റ് പൂർത്തിയാക്കിയത്.

എറണാംകുളത്തെ ഹൈഡ്രോക്സി വാട്ടർ സൊലൂഷ്യൻസാണ് പ്ലാന്റ് നിർമ്മിച്ചത്. ഉദ്ഘാടന ചടങ്ങിൽ ചാവക്കാട് നഗരസഭ അധ്യക്ഷൻ എൻ. കെ. അക്ബർ അധ്യക്ഷത വഹിച്ചു. വൈസ് ചെയർപേഴ്സൺ മഞ്ജുഷ സുരേഷ്, ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ എ. എ. മഹേന്ദ്രൻ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർ പേഴ്സൻ എം. ബി. രാജലക്ഷ്മി, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ എ. സി. ആനന്ദൻ, കൗൺസിലർമാരായ ബുഷറ ലത്തീഫ്, മഞ്ജുള ജയൻ, താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ. പി. കെ. ശ്രീജ, ഹെൽത്ത് ഇൻസ്പെക്ടർ അജയ് കുമാർ എന്നിവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ് : ജല ശുദ്ധീകരണ പ്ലാന്റിന്റെ ഉദ്ഘാടനം കെ. വി അബ്ദുൾ ഖാദർ എംഎൽഎ നിർവ്വഹിക്കുന്നു***

# സാനിറ്റേഷൻ വർക്കർ ഒഴിവ്

തൃശൂർ ജില്ലയിലെ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്ക് സാനിറ്റേഷൻ വർക്കർ തസ്തികയിൽ സ്ഥിരം ഒഴിവിലേക്ക് നിയമനം നടത്തുന്നു. 1986 നും 1994 വർഷത്തിനും ഇടയിൽ തൃശൂർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരും 50 വയസ്സ് കഴിയാത്ത വരുമായ ഉദ്യോഗാർത്ഥികൾ ജനുവരി 25 നകം തൃശൂർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ കാർഡ്, അസ്സൽ സർട്ടിഫിക്കറ്റ് സഹിതം നേരിട്ട് ഹാജരാകണമെന്ന് ജില്ലാ എംപ്ലോ യ്മെന്റ് ഓഫീസർ അറിയിച്ചു. ഫോൺ: 0487 2331016.

# പരീക്ഷ അറിയിപ്പ്

ഈ അദ്ധ്യയന വർഷത്തെ ഫുഡ് ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് പരീക്ഷ വിജ്ഞാപനം പ്രസിദ്ധീക രിച്ചു. സപ്ലിമെന്ററി പരീക്ഷ എഴുതേണ്ട വിദ്യാർത്ഥികൾ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടണം. ഫോൺ: 0487 2384253, 9847677549.

## ടെണ്ടർ

തൃശൂർ കളക്ടറേറ്റ് കോൺഫറൻസ് ഹാളിലേക്ക് എൽസിഡി മൾട്ടിമീഡിയ പ്രൊജക്ടർ ലഭ്യമാക്കുന്നതിന് ടെണ്ടർ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾ ബി2(ഇസഡ്) സെക്ഷനുമായി ബന്ധപ്പെടണം. ഫോൺ: 2433469, 473.

## കൂലിപുതുക്കൽ യോഗം നടന്നു

തൃശൂർ ജില്ലാ ലേബർ ഓഫീസിൽ നടന്ന കൂലിപുതുക്കൽ യോഗത്തിൽ തൃശൂർ ജില്ലയിലെ ചുമട്ടു തൊഴിലാളികളുടെ കൂലി പട്ടിക 18% വർദ്ധനവോടെ പുതുക്കുന്നതിന് ധാരണയായി. വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ സെക്രട്ടറി പി ജെ പയസ്, ട്രഷറർ ജോർജ്ജ് കുറ്റിച്ചാക്കു, വ്യാപാരി വ്യവസായി സമിതി ജില്ലാ സെക്രട്ടറി ജെ മിൽട്ടൺ, ജോയിന്റ് സെക്രട്ടറി ജോയ് പ്ലാശ്ശേരി എന്നിവർ പങ്കെടുത്തു.

## ദർഘാസ്

തൃശൂർ സോഷ്യൽ ഫോറസ്ട്രി റെയിഞ്ചിലെ കുതിരാൻ വനവിജ്ഞാനകേന്ദ്രത്തിൽ 2019-20 വർഷത്തേക്ക് ഫയർലൈൻ ജോലികൾ ചെയ്യുന്നതിന് ദർഘാസ് ക്ഷണിച്ചു. ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 22. ഫോൺ: 0487 2320609, 9447979144.

## യോഗം മാറ്റി

ജനുവരി 17 ന് നടത്താനിരുന്ന റീജ്യണൽ ട്രാൻസ്പോർട്ട് അതോറിറ്റി യോഗം ജനുവരി 21 ലേക്ക് മാറ്റിയതായി ആർടിഒ അറിയിച്ചു. ഫോൺ: 0487 2360262.

## ശ്രീനാരായണപുരം പഞ്ചായത്തിൽ ഹരിതസമൃദ്ധി വാർഡ്തല പ്രഖ്യാപനം ജനുവരി 18 ന്

ശ്രീനാരായണ ഗുരുകുലം പഞ്ചായത്തിൽ ഹരിതസമൃദ്ധി വാർഡുതല പ്രഖ്യാപനം ജനുവരി 18 ന് നടക്കും. ഇതിന്റെ ഭാഗമായി മുഴുവൻ കുടുംബങ്ങളെയും ഉൾപ്പെടുത്തി അഞ്ചാം വാർഡ് പ്ലാസ്റ്റിക് മാലിന്യ വിമുക്തമാക്കും. കൃഷിയെ പ്രോത്സാഹിപ്പിക്കാൻ കുടുംബശ്രീയുമായി സഹകരിച്ച് വാർഡുതല പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തരം പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നുണ്ട്. വാർഡിലെ മുഴുവൻ കുടുംബങ്ങൾക്കും തുണിസഞ്ചി വിതരണം ചെയ്യും. തുണിസഞ്ചി വിതരണോദ്ഘാടനം 18 ന് രാവിലെ 10ന് യുവതരംഗം ലൈബ്രറി ഹാളിൽ ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎ നിർവഹിക്കും. പഞ്ചായത്ത് പ്രസിഡന്റ് സൗദാ നാസർ, ജില്ലാപഞ്ചായത്തംഗം നൗഷാദ് കൈതവളപ്പിൽ, വിവിധ സാമൂഹ്യ സാംസ്കാരിക പ്രവർത്തകർ എന്നിവർ ചടങ്ങിൽ പങ്കെടുക്കും. സോഷ്യോ ഇക്കണോമിക് യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രദർശനവും സംഘടിപ്പിക്കും.

## ജീവനി പദ്ധതി വെള്ളാങ്കല്ലൂരിൽ തുടങ്ങി

സംസ്ഥാന സർക്കാരിന്റെ നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം എന്ന സന്ദേശം ഉയർത്തി വെള്ളാങ്ങല്ലൂർ ബ്ലോക്ക് ജീവനി പദ്ധതി ആരംഭിച്ചു. വർഷം മുഴുവൻ സുരക്ഷിതമായ പച്ചക്കറി വീട്ടുവളപ്പിൽ തന്നെ നിർമ്മിച്ച് പോഷക തോട്ടങ്ങൾക്ക് പ്രോത്സാഹനം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ബ്ലോക്ക് തല ഉദ്ഘാടനം വി ആർ സുനിൽ കുമാർ എംഎൽഎ, വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ എസ് രാധാകൃഷ്ണന് പച്ചക്കറി തൈകൾ നൽകി നിർവഹിച്ചു. വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. വെള്ളാങ്കല്ലൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ മുഹമ്മദ് ഹാരിസ്, പച്ചക്കറി വികസന പദ്ധതി ഫീൽഡ് അസിസ്റ്റന്റ് ഇസ്മയിൽ കെ മജീദ് എന്നിവർ പങ്കെടുത്തു.

# നൂറിന്റെ നിറവിൽ നടവരമ്പ് ഗവ. മോഡൽ ഹയർ സെക്കന്ററി സ്കൂൾ

നടവരമ്പ് ഗവ. മോഡൽ ഹയർ സെക്കന്ററി സ്കൂൾ ഒരു നൂറ്റാണ്ട് പിന്നിട്ടു. സ്കൂളിന്റെ നൂറാം വാർഷികവും സർവീസിൽ നിന്ന് വിരമിക്കുന്ന അധ്യാപകർക്കുള്ള യാത്രയയപ്പും ജനുവരി 17, 18 തിയ്യതികളിൽ സംഘടിപ്പിക്കും. ടി.എൻ. പ്രതാപൻ എം.പി ഉദ്ഘാടനം നിർവ്വഹിക്കുന്ന ചടങ്ങിൽ പ്രൊഫ. കെ.യു.അരുണൻ എംഎൽഎ അധ്യക്ഷത വഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് മുഖ്യാതിഥിയാകും, മുൻ ചീഫ് വിപ്പ് തോമസ് ഉണ്ണിയാടൻ മുഖ്യപ്രഭാഷണം നടത്തും.

വെള്ളാങ്കല്ലൂർ ബ്ലോക്ക് പ്രസിഡന്റ് ടി.എൻ. രാധാകൃഷ്ണൻ, കേരള കലാമണ്ഡലം വൈസ് ചാൻസലർ ഡോ. ടി.കെ. നാരായണൻ, ജില്ലാ പഞ്ചായത്ത് അംഗം ടി.ജി. ശങ്കരനാരായണൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.